प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 91 22 2266 0502 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

മാർച്ച് 29, 2018

## റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഐസിഐസിഐ ബാങ്ക് ലിമിറ്റഡിനുമേൽ പണപ്പിഴ ചുമത്തി

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, 2018 മാർച്ച് 26 ലെ അതിന്റെ ഒരു ഉത്തരവിലൂടെ ഐസിഐസിഐ ബാങ്കിനുമേൽ 589 ദശലക്ഷം രൂപ പണപ്പിഴ ചുമത്തി. അതിന്റെ എച്ച്ടിഎം (HTM) പോർട്ട്ഫോളിയോയിലുള്ള കടപ്പത്രങ്ങൾ നേരിട്ട് വിറ്റതിനും, ഇതു സംബന്ധമായ നിർദ്ദിഷ്ട വെളിപ്പെടുത്തലുകൾക്കുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിനുമാണ് ഈ പിഴ. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 47A(1)(c), ഒപ്പം സെക്ഷൻ 46(4)(i) അനുസരിച്ച് ആർബിഐ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും വ്യവസ്ഥകളും പാലിക്കുന്നതിൽ ബാങ്ക് പരാജയപ്പെട്ടതിനാലാണ് ഈ പിഴ ചുമത്തിയത്.

ഈ നടപടി നിയന്ത്രണ സംബന്ധമായ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വന്ന പോരായ്മകളുടെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ളതാണ്. അതല്ലാതെ, ബാങ്ക് അതിന്റെ ഇടപാടുകാരുമായി ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെ സാധുതയെ സംബന്ധിച്ച് ഒരഭിപ്രായം രേഖപ്പെടുത്തലായി ഉദ്ദേശിച്ചിട്ടുള്ളതല്ല.

**ജോസ് ജെ. കാട്ടൂർ**

**പ്രസ്സ് റിലീസ് 2017-2018/2593** ചീഫ് ജനറൽ മാനേജർ